**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5663** **24-03-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിലെ റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലകളിൽ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനായി അധിക തുക സിവിൽ സപ്ലൈസ് വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ആദിവാസി ഉന്നതികളിൽ റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം 31 ലക്ഷം അനുവദിച്ചിരുന്നത് പൂർണ്ണമായും വിനിയോഗിച്ച കഴിഞ്ഞ സാഹചര്യത്തിൽ 15 ലക്ഷം രൂപ കൂടി അധികം അനുവദിച്ചിരുന്നു. 2025-26 സാമ്പത്തിക വർഷത്തേക്ക് 1 കോടി 5 ലക്ഷം രൂപയുടേതായിട്ടുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്ന വിഷയം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത മേഖലകളിൽ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനായി അധിക ജീവനക്കാരെ കണ്ടെത്തിയിട്ടുണ്ടോ; ഇവർക്ക് ആവശ്യമായ വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ആദിവാസി ഉന്നതികളിൽ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനായി അധിക ജീവനക്കാരുടെ ആവശ്യം വരുന്നില്ല. വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ നേരിട്ട് ഉന്നതികളിൽ എത്തിയാണ് റേഷൻ വിതരണം നടത്തുന്നത്. ഇവർക്ക് വാഹന സൗകര്യം ആവശ്യമുള്ള സ്ഥലങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർക്ക് എല്ലാ സ്ഥലങ്ങളിലും വാഹന സൗകര്യം ഏർപ്പെടുത്തേണ്ടതായി വരുന്നില്ല . |
| (സി) | പ്രസ്തുത മേഖലകളിൽ റേഷൻ നേരിട്ട് എത്തിക്കുന്നതിനോടൊപ്പം 'ഉന്നതി'കളിലെ ഗർഭിണികൾക്ക് ആവശ്യമായ പോഷകാഹാരം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ആദിവാസി ഉന്നതികളിൽ എല്ലാ മാസവും റേഷൻ സാധനങ്ങൾ എത്തിക്കുന്ന നടപടിയാണ് വകുപ്പ് സ്വീകരിച്ച് വരുന്നത്. ഉന്നതികളിലെ ഗർഭിണികൾക്ക് ആവശ്യമായ പോഷകാഹാരം ലഭിക്കുന്നുണ്ടോ എന്നു ഉറപ്പു വരുത്തുന്നത് വനിത-ശിശു വികസന വകുപ്പ്-ICDS പ്രോജക്ട് വഴിയാണ്. |

സെക്ഷൻ ഓഫീസർ